പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6047

07.07.2014 ൽ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി മൈക്രോസോഫ്റ്റിൽ നിന്നും ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി മൈക്രോസോഫ്റ്റിൽ നിന്ന് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായി 2002-2007 കാലഘട്ടങ്ങളിൽ 295.43/- ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |
| ബി) ഭീമമായ തുക ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിന് ചെലവഴിക്കുന്നതിന് പകരം സൗജന്യമായി ലഭിക്കുന്ന സ്വതന്ത്ര സോഫ്റ്റ് വെയറിലേക്ക് മാറുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം സാർവ്വത്രികമായി വന്ന 2002 മുതലുള്ള കാലഘട്ടങ്ങളിൽ മൈക്രോസോഫ്റ്റിന്റെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം മാത്രമാണ് നിലവിലുണ്ടായിരുന്നത്. അതു കൊണ്ടു തന്നെ ഒട്ടുമിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. മൈക്രോസോഫ്റ്റ് ഓരോ വർഷവും പുതിയ പുതിയ പതിപ്പുകൾ ഇറക്കി തുടങ്ങിയെങ്കിലും ആദ്യകാലം മുതൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ് വെയറുകളാണ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ളത്. എന്നാൽ നിലവിലുള്ള സോഫ്റ്റ് വെയറുകൾ ഘട്ടം |

ഘട്ടമായി സ്വതന്ത്ര സോഫ്റ്റ് വെയറി ലേക്ക് മാറുന്നതിന് ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. മൈക്രോ സോഫ്റ്റ് പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ മുഴുവനും ഒഴിവാക്കി സ്വതന്ത്ര സോഫ്റ്റ് വെയറിലേക്ക് പൊടുന്നനെ മാറുന്നത് സാങ്കേതികമായി ഒട്ടേറെ വൈഷമ്യങ്ങൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം തടസ്സപ്പെടാനും ഇടവരും എന്നുള്ളതിനാൽ ഘട്ടം ഘട്ടമായി മാത്രമേ സ്വതന്ത്ര സോഫ്റ്റ് വെയറിലേക്ക് പൂർണ്ണ മായും മാറാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ